**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**17-07-2021**

# കാർഷികവാർത്തകൾ – FIB FARM NEWS

**1. വിള ഇൻഷ്വറൻസ്**

ഖാരിഫ് 2021 സീസണിലേക്കുള്ള പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും ചേരാനാഗ്രഹിക്കുന്ന കർഷകർ ആധാർകാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്, നികുതിച്ചീട്ട്, പാട്ടകൃഷിയുണ്ടെങ്കിൽ പാട്ടച്ചീട്ട് എന്നിവയുടെ കോപ്പിയുമായി ഏറ്റവും അടുത്തുള്ള കേന്ദ്രഗവൺമെന്റിന്റെ ഡിജിറ്റൽ സേവാകേന്ദ്രങ്ങളെയോ (CSC) അക്ഷയകേന്ദ്രങ്ങളെയോ സമീപിക്കേണ്ടതാണ്.

**2. കർഷക അവാർഡിന് അപേക്ഷ നൽകുവാനുള്ള തീയതി ദീർഘിപ്പിച്ചു**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ രണ്ടായിരത്തിയിരുപത് വർഷത്തെ ജില്ലാ - സംസ്ഥാനതല കർഷക അവാർഡിനുള്ള അപേക്ഷകൾ കൃഷിഭവനുകളിൽ ലഭിക്കേണ്ട അവസാന തീയതി 31–07– 2021 വരെ ദീർഘിപ്പിച്ചു. കർഷകഭാരതി, ഹരിതമുദ്ര എന്നീ അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം - 03 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

**3.** ആട് കർഷകരെ വിവേചന പൂർണ്ണമായ വിര മരുന്നുകളുടെ ഉപയോഗത്തിനു പ്രാപ്തരാക്കുന്നതിനുവേണ്ടി കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ മണ്ണുത്തി വെറ്ററിനറി കോളേജിൽ പ്രവർത്തിയ്ക്കുന്ന പരാദശാസ്ത്ര വിഭാഗത്തിൽ വിഭാവനം ചെയ്ത **ഹെം ചെക്ക്** എന്ന വിളർച്ച സൂചിക കാർഡിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് **9447668582** എന്ന ഫോൺ നമ്പരിൽ സർവ്വകലാശാല പരാദവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ കെ ശ്യാമളയുമായി ബന്ധപ്പെടുക

**4.** വാമനപുരം കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്തിൽ പുല്ലാമ്പാറ ആസ്ഥാനമായി പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററിലേയ്ക്ക് ഫെസിലിറ്റേറ്റർ തസ്തികയിലേക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**17-07-2021**

കരാർ അടിസ്ഥാനത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു. വിശദവിവരങ്ങൾക്ക് **9383470147, 8921435682, 7510241628** എന്നീ ഫോൺ നമ്പരുകളിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്

**ഓൺലൈൻ പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന **"ശീതകാല പച്ചക്കറി കൃഷി"**എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) 2021 ഈ മാസം 22 ന് ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താല്പര്യമുള്ളവർ 2021 ജൂലൈ 21 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെ എ യു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ നിശ്ചിത ഫീസ് അടച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കാവുന്നതാണ് . www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് 2021 ജൂലൈ 22 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

6. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (17.07.2021) രാവിലെ 11 മുതൽ 12 മണി വരെ **കിഴങ്ങു വർഗങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളും സംരംഭകത്വ സാധ്യതകളും** എന്ന വിഷയത്തിൽ സി റ്റി സി ആർ ഐ യിലെ പ്രിൻസിപ്പൽ സയിന്റിസ്റ്റ് എം എസ് സജീവ് ഓൺലൈൻ പരിശീലനം നടത്തുന്നു. **സമേതി കേരളയുടെ** ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് **- 9349482600**

7. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവകലാശാലയുടെ പൂക്കോട് വെറ്ററിനറി കോളേജിലെ വിജ്ഞാനവ്യാപന വിഭാഗവും സംരംഭകത്വ വിഭാഗവും സംയുക്തമായി 19-07-2021 വൈകിട്ട് 5 മണിക്ക് **കോഴിവളർത്തൽ മേഖലയിലെ സാധ്യതകൾ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. സൂം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**17-07-2021**

പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിന്റെ ഐഡി ഇനി പറയുന്നു. **999 521 3500.** കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

8. അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 19/07/2021 ന് **കാലിരോഗങ്ങളും പ്രതിവിധികളും** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. രാവിലെ 10.30 മുതൽ ഗൂഗിൾ മീറ്റ് വഴി നടത്തുന്ന പരിശീലനത്തിന്റെ ലിങ്ക് ഇനി പറയുന്നു. http://meet.google.com/pwy-nntc-phn കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9447400261**

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 19/07/2021 ന രാവിലെ 11 മണിക്ക് **"ക്ഷീരമേഖലയും സംയോജിത കൃഷി രീതികളും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

10. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം പത്തൊൻപതിന് **പോത്തുവളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0479- 2457778** എന്ന ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്

11. ചേന്ദമംഗലം ഗ്രാമപഞ്ചായത്ത് കൃഷി ഭവനിൽ ഒരു കോടി ഫലവൃക്ഷ തൈ വിതരണം - സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വിതരണത്തിനായി പ്ലാവ് ഗ്രാഫ്റ്റ്, പേര, പാഷൻ ഫ്രൂട്ട് എന്നിവയും, കേര കേരളം സമൃദ്ധ കേരളം പദ്ധതി യിൽ WCT തെങ്ങിൻ തൈകളും എത്തിയിട്ടുണ്ടെന്ന് കൃഷി ഓഫീസർ അറിയിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**17-07-2021**

12. **കാർഷിക സർവ്വകലാശാല വിളപരിപാലന നിർദ്ദേശങ്ങൾ**

- മഴക്കാലത്ത് ജാതിയിൽ ഇലപൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്.
- മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂടുചീയൽ രോഗം വ്യാപിക്കാതിരിക്കാൻ മൂന്ന് മീറ്റർ സ്ക്വയർ ബെഡിന് 15 ഗ്രാം ബ്ലീച്ചിങ്ങ് പൗഡറും 250 ഗ്രാം കുമ്മായവും കൂട്ടികലർത്തി തടത്തിൽ ഇട്ടുകൊടുക്കാവുന്നതാണ്.

Sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം